# Malayala Manorama

# 1 August 2018

# Vypin : Flood, Heavy rain and storm , Sea level rise

## ചെറായി ബീച്ചിൽ ഇറങ്ങാൻ പറ്റാതെ സഞ്ചാരികൾ

■ കര കടൽ കവരുന്നതു തടയാൻ ബീച്ചിൽ ഒന്നിലേറെ പുലിമുട്ടുകൾ സ്ഥാപിക്കണമെന്ന ആവശ്യത്തിനു വർഷങ്ങളുടെ പഴക്കം

വൈപ്പിൻ ● ചെറായി ബീച്ചിലെത്തുന്ന സന്ദർശകർക്കു കടലിൽ ഇറങ്ങാനാകാത്ത അവസ്ഥ. മുൻകരുതലുകളുടെ ഭാഗമായി ചെറായി ബീച്ചിലെത്തുന്ന സന്ദർശകരെ തടയുകയാണ്. സുരക്ഷയുടെ ഭാഗമായാണു സന്ദർശകരെ തടയുന്നത്. നടപ്പാതയിൽ നിന്നു കടൽ കണ്ടു മടങ്ങിപ്പോകുകയാണു സന്ദർശകർ.

ചെറായി ബീച്ചിൽ കാലവർഷക്കാലത്തു തീരം നഷ്ടമാവുന്ന സാഹചര്യം തുടരുകയാണ്. കടൽക്ഷോഭം തുടങ്ങി ദിവസങ്ങൾക്കുള്ളിൽത്തന്നെ മണൽ പൂർണമായി ഒലിച്ചുപോയി കരിങ്കല്ലുകൾ തെളിഞ്ഞുവരും. കടൽ പ്രക്ഷുബ്ധമാകുന്ന കാലവർഷക്കാലത്തു തീരം കടലെടുക്കുന്നതു പതിവാണെങ്കിലും നേരത്തേ തീരത്തിനു നാശം സംഭവിച്ചു തുടങ്ങിയിരുന്നു. തീരത്തു വിനോദസഞ്ചാരികൾ കടലിലിറങ്ങിയിരുന്ന സ്ഥലം പൂർണമായി ഇല്ലാതായി. ബീച്ചിന്റെ അവസ്ഥയറിയാതെ എത്തുന്ന വിദേശികളും ഇതരസംസ്ഥാന സംഘങ്ങളും മറ്റും പെട്ടെന്നുതന്നെ മടങ്ങുകയാണ്.

കര കടൽ കവരുന്നതു തടയാൻ ബീച്ചിൽ ഒന്നിലേറെ പുലിമുട്ടുകൾ സ്ഥാപിക്കണമെന്ന ആവശ്യത്തിനു വർഷങ്ങളുടെ പഴക്കമുണ്ട്. കരിങ്കല്ലുപയോഗിച്ചു കടലിലേക്കു നീട്ടി സ്ഥാപിക്കുന്ന പുലിമുട്ടുകൾ തിരകളെ കീറിമുറിച്ച്, തീരത്തെത്തുംമുൻപുതന്നെ അവയുടെ ശക്തി കുറയ്ക്കുമെന്നതിനു പുറമെ, പുതിയ കര രൂപപ്പെടുന്നതിനും സഹായകരമാണ്. ചാത്തങ്ങാട് ബീച്ചിൽ രണ്ടു കൂറ്റൻ പുലിമുട്ടുകൾ നിർമിച്ചതിനെത്തുടർന്നു മനോഹരമായ തീരം രൂപപ്പെട്ടിരുന്നു.

അതുപോലുള്ള വലിയ പുലിമുട്ടുകൾ ചെറായിയിലും നിർമിക്കണമെന്ന ആവശ്യം ഉയർന്നിട്ടും നടപടി ഉണ്ടായില്ല. പുലിമുട്ടുകൾ ഉണ്ടായിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള തകർച്ച തീരത്തിന് ഉണ്ടാവില്ലായിരുന്നുവെന്നാണു ചൂണ്ടിക്കാണിക്കുന്നത്. സമീപത്തെ ജനവാസ മേഖലകളുടെ സുരക്ഷ ഉറപ്പാകുമെന്ന മേന്മയുമുണ്ട്.



ചെറായി ബീച്ച് തീരം നഷ്ടമായ നിലയിൽ. കടലിറങ്ങുന്നത് വിലക്കിക്കൊണ്ടുള്ള ബോർഡ് കാണാം.